**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2261** — **13-09-2023 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | മുൻ വർഷങ്ങളെ അപേക്ഷിച്ച് അതിഥി തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവും അതോടൊപ്പം അവർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളിൽ നേരിയ തോതിലുള്ള വർദ്ധനവും ഉണ്ടായിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | (ബി) | മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനും എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/2009 പ്രകാരം സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**വിവര ശേഖരണം**<br><br>ഇത്തരം തൊഴിലാളികളുടെ വിവര ശേഖരണം പോലീസ് സ്റ്റേഷനുകൾ വഴി നടത്തി വരുന്നു. സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിന് സോണൽ ഐ.ജിമാർ, റേഞ്ച് ഡി.ഐ.ജി-മാർ, ജില്ലാ പോലീസ് മേധാവിമാർ, എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് Law & Order നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരികയാണ്.<br><br>ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് അപരിചിതരായ ആൾക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും സംശയാസ്പദമായി കാണുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ Student Police Cadet, Special Protection Group എന്നിവരുടെ സഹകരണത്തോടെ സ്കൂളുകളിലും |

| | | | |
|---|---|---|---|
| | | | പരിസരപ്രദേശങ്ങളിലും കുട്ടികൾക്ക് ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള നടപടികളും അതോടൊപ്പം, റസിഡൻഷ്യൽ ഏര്യകളിൽ കുട്ടികൾ അപരിചിതരുമായി സഹകരിക്കുന്നത് ഒഴിവാക്കുന്നതിനുള്ള ബോധവത്കരണവും നടത്തിവരുന്നു.<br><br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും അവയ്ക്കെതിരെ യഥാസമയം പ്രതികരിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സജ്ജമാക്കുക എന്നത് പ്രമേയമാക്കി ജനമൈത്രി പോലീസ് സംവിധാനം ഉപയോഗിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.<br><br>കുറ്റകൃത്യങ്ങൾ റിപ്പോർട്ടായാലുടൻ കേസ് രജിസ്റ്റർ ചെയ്ത് വളരെ വേഗം പ്രതിയെ കണ്ടെത്തുന്നതിനും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നതിനുമുള്ള നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്.<br><br>ഇത്തരം കേസുകളിൽ ശാസ്ത്രീയ തെളിവുകളും മറ്റും അതിവേഗം ശേഖരിച്ച് പരമാവധി ശിക്ഷ ലഭിക്കത്തക്ക വിധം കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി നിലവിലെ നിയമപ്രകാരം 60 ദിവസത്തിനുള്ളിൽ പഴുതടച്ച് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.<br><br>**രജിസ്ട്രേഷനുള്ള നടപടികൾ**<br><br>ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979 ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്. |
| (സി) | കഴിഞ്ഞ 5 വർഷത്തിനുള്ളിൽ അതിഥി തൊഴിലാളികൾ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയിൽ എന്തു നടപടി സ്വീകരിച്ചു എന്നും ജില്ല തിരിച്ചു അറിയിക്കാമോ ? | (സി) | 5,507 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകളിൽ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത് കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തി ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ച് വേഗത്തിൽ കോടതികളിൽ കുറ്റപത്രം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | ജില്ല തിരിച്ചുള്ള വിശദ വിവരം അനുബന്ധം- ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# ANNEXURE

| അതിഥി തൊഴിലാളികൾ പ്രതികളായ കേസുകളുടെ എണ്ണം (2018 മുതൽ 2023 ആഗസ്റ്റ് 22 വരെ) | | | | | | |
|---|---|---|---|---|---|---|
| District | Number of case Registered | | | | | |
| | 2018 | 2019 | 2020 | 2021 | 2022 | 2023 (up to 22.08.2023) |
| Trivandrum City | 13 | 8 | 7 | 3 | 29 | 12 |
| Trivandrum Rural | 5 | 4 | 1 | 4 | 9 | 8 |
| Kollam City | 6 | 7 | 3 | 10 | 12 | 17 |
| Kollam Rural | 5 | 4 | 6 | 4 | 9 | 6 |
| Pathanamthitta | 12 | 16 | 8 | 11 | 20 | 13 |
| Alapuzha | 21 | 19 | 13 | 14 | 48 | 43 |
| Kottayam | 16 | 21 | 9 | 10 | 24 | 26 |
| Idukki | 11 | 10 | 13 | 11 | 13 | 12 |
| Ernakulam City | 185 | 396 | 87 | 102 | 177 | 177 |
| Ernakulam Rural | 208 | 158 | 94 | 134 | 365 | 422 |
| Thrissur City | 36 | 84 | 42 | 66 | 78 | 77 |
| Thrissur Rural | 7 | 29 | 89 | 63 | 60 | 94 |
| Palakkad | 6 | 10 | 6 | 4 | 10 | 16 |
| Malappuram | 74 | 106 | 90 | 125 | 259 | 225 |
| Kozhikode City | 13 | 8 | 8 | 8 | 12 | 17 |
| Kozhikode Rural | 26 | 37 | 19 | 10 | 45 | 27 |
| Wayanad | 2 | 2 | 2 | 3 | 6 | 5 |
| Kannur City | 15 | 13 | 8 | 20 | 65 | 38 |
| Kannur Rural | 6 | 7 | 0 | 8 | 51 | 76 |
| Kasargod | 15 | 11 | 7 | 9 | 33 | 16 |
| Railway | 15 | 14 | 9 | 22 | 23 | 9 |
| **Total** | **697** | **964** | **521** | **641** | **1348** | **1336** |